**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കട്ടപ്പന ഗ്രാമപഞ്ചായത്ത്– ഓഫീസ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 2,00,00,000/- (രണ്ട് കോടി) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകിയത് ഭേദഗതി ചെയ്ത് ഉത്തരവ്പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 1407/14/ തസ്വഭവ തിരുവനന്തപുരം, തീയതി: 05.06.2014.

==========================================================

പരാമർശം:- 03.05.2014 ലെ സ.ഉ. (സാധാ)നം. 1073/14/തസ്വഭവ.

**<u>ഉത്തരവ്</u>**

കട്ടപ്പന ഗ്രാമപഞ്ചായത്തിൽ ഓഫീസ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ 2,00,00,000/- ( രണ്ട് കോടി) രൂപ വായ്പയെടുക്കുന്നതിന് കട്ടപ്പന ഗ്രാമപഞ്ചായത്തിന് അനുമതി നൽകി കൊണ്ടുള്ള പരാമർശം ഉത്തരവിൽ " ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് " എന്നുള്ളത് " ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് " എന്നും "കഞ്ഞിക്കുഴി വില്ലേജ് "എന്നുള്ളത് "കട്ടപ്പന വില്ലേജ് " എന്നും തിരുത്തൽ വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി.വൽസല**

ഗവ.ജോയിൻറ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,കട്ടപ്പന ഗ്രാമപഞ്ചായത്ത്. ഇടുക്കി
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ